**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:3201

03.04.2013-ൽ മറുപടി നൽകേണ്ടിയിരുന്നത്

**അച്ചടിവകുപ്പ്ഡയറക്ടറുടെ ചേമ്പറിൽ നടന്ന ഘെരാവോ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി. ശിവൻകുട്ടി** | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) 2013 ജനുവരി 17-ാം തീയതി അച്ചടി വകുപ്പ് ഡയറക്ടർ, ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരെ വൈകുന്നേരം 3.30 മുതൽ 6.30 വരെ ചിലർ അച്ചടി വകുപ്പ ഡയറക്ടറുടെ ചേമ്പറിൽ ഘെരാവോ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) അച്ചടി വകുപ്പ് ജീവനക്കാരുടെ സ്ഥലംമാറ്റം, ഉദ്യോഗക്കയറ്റം തുടങ്ങിയ ഭരണപരമായ കാര്യങ്ങൾ വൈകുന്നു എന്ന് ആരോപിച്ചുകൊണ്ട് ഒരു വിഭാഗം ജീവനക്കാർ 2013 ജനുവരി 17-ാം തീയതി ഉച്ചയ്ക്ക് ശേഷം അച്ചടി വകുപ്പ് ഡയറക്ടറുടെ ചേമ്പറിൽ കൂട്ടത്തോടെ ചെന്ന് ഉച്ചത്തിൽ സംസാരിക്കുകയും മുദ്രാവാക്യം വിളിക്കുകയും ജോലി തടസ്സപ്പെടുത്തുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതി, എടുത്ത കേസുകൾ, പ്രസ്തുത കേസിലെ പ്രതികൾ, അവരുടെ തസ്തിക ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ, അവർക്കെതിരെ സ്വീകരിച്ച വകുപ്പുതല നടപടികൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ടു ലഭിച്ച പരാതി ഡയറക്ടർ തലത്തിൽ പരിശോധിച്ചുവരുന്നു. |

Vijaya Kumari

സെക്ഷൻ ഓഫീസർ